**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.2461** **09.12.2014-ൽ മറുപടിയ്ക്ക്**

**മലബാർ സിമന്റ്സ് തുറന്ന് പ്രവർത്തിക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എ.എം.ആരിഫ്** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| മലബാർ സിമന്റ്സ് പള്ളിപ്പുറം യൂണിറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; ഈ കമ്പനി എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ? | മലബാർ സിമന്റ്സിന്റെ പ്രവർത്തിക്കാതെ കിടക്കുന്ന പള്ളിപ്പുറം യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ നടന്നുവരുന്നു. കുറേക്കാലമായി പ്രവർത്തിക്കാതിരുന്നതിനാൽ വേണ്ടിവരുന്ന അറ്റകുറ്റപണികളും അനുബന്ധജോലികളും പൂർത്തിയായിവരുന്നു. പള്ളിപ്പുറം പ്ലാന്റിൽ ജീവനക്കാരുടെ അഭാവം മൂലം വാളയാർ പ്ലാന്റിലുള്ളവരുടെ സേവനം ഇതിനായി ഉപയോഗിച്ചുവരുന്നു. യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്ലിങ്കർ, ജിപ്സം, ഫ്ലൈ ആഷ് മുതലായവ അടിയന്തിരമായി പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. 2015 ആരംഭത്തോടെ യൂണിറ്റ് പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ